# പതിമൂന്നാം കേരളനിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 816** **07/02/2013 ൽ മറുപടിക്ക്**

**സർക്കാർ ആശുപത്രികൾക്കുള്ള മരുന്ന്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും<br>ദേവസ്വവും വകുപ്പ് മന്ത്രി) |

---

| | | | |
|---|---|---|---|
| (എ) | സർക്കാർ പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ഡി.പി യിൽ നിന്നും കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ മുഖേന സർക്കാർ ആശുപത്രികൾക്കായി മരുന്നുകൾ വാങ്ങണം എന്ന തീരുമാനം നിലവിലുണ്ടോ; | (എ) | ഉണ്ട്. 35 ഇനം മരുന്നുകൾ കെ.എസ്.ഡി.പി യിൽ നിന്നും ടെണ്ടർ നടപടികൾ കൂടാതെ, ജി.എം.പി. സർട്ടിഫിക്കറ്റിലും സ്റ്റോർ പർച്ചേയ്സ് മാനുവലിലെ വ്യവസ്ഥകളിൽ ഇളവു ചെയ്തു വാങ്ങണമെന്നുമുള്ള വ്യവസ്ഥ പ്രകാരം കോർപ്പറേഷൻ കെ.എസ്.ഡി.പി യിൽ നിന്ന് ടെൻഡറുകൾ കൂടാതെ മരുന്നുകൾ വാങ്ങി വിതരണം ചെയ്യുന്നുണ്ട്. |
| (ബി) | കെ.എസ്. ഡി.പി. യിൽ നിന്നും കുറഞ്ഞ വിലയ്ക്ക് മരുന്നുകൾ വാങ്ങാതെ സ്വകാര്യ മരുന്നുകമ്പനികളിൽ നിന്നും കൂടിയ വിലക്ക് മരുന്ന് വാങ്ങുന്നു എന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) & (സി) | ഇല്ല. ഏറ്റവും കുറഞ്ഞനിരക്കായ എൽ1 റേറ്റിനേക്കാൾ 15% അധികം നൽകിയാണ് കെ.എസ്.ഡി.പി യിൽ നിന്നും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മരുന്നുകൾ സംഭരിച്ചിട്ടുള്ളത്. ടെൻഡർ ക്ഷണിക്കുമ്പോൾ കെ.എസ്.ഡി.പി മരുന്നുകൾക്ക് 50% മുതൽ 110% വരെ വർദ്ധിപ്പിച്ച നിരക്കിലാണ് ടെൻഡർ സമർപ്പിക്കുന്നതായി കണ്ടുവരുന്നത്. |
| (സി) | എങ്കിൽ അതിനെതിരെ എന്ത് നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്? | | |

സെക്ഷൻ ഓഫീസർ